**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5539** **05-07-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര ഗ്രാമം പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ ഇ ചന്ദ്രശേഖരൻ</td><td colspan="2">ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ക്ഷീരഗ്രാമം പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകൾ ഏതെല്ലാം വർഷങ്ങളിൽ ഉൾപ്പെട്ടത്തിയിരുന്നു എന്ന് വിശദമാക്കുമോ ;</td><td>(എ)</td><td>ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളള കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളുടെ വർഷം തിരിച്ചുളള വിശദാംശം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നം.</th><th>വർഷം</th><th>ബ്ലോക്ക്</th><th>പഞ്ചായത്ത്</th></tr>
<tr><td>1.</td><td>2018-19</td><td>പരപ്പ</td><td>പനത്തടി</td></tr>
<tr><td>2.</td><td>2020-21</td><td>കാഞ്ഞങ്ങാട്</td><td>അജാനൂർ</td></tr>
<tr><td>3.</td><td>2022-23</td><td>കാസർഗോഡ്</td><td>ചെമ്മനാട്</td></tr>
</table></td></tr>
<tr><td>(ബി)</td><td>കാസർഗോഡ് ജില്ലയിൽ പ്രസ്തുത പദ്ധതി വഴി ക്ഷീരരംഗത്ത് ഉണ്ടായ മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?</td><td>(ബി)</td><td>വിലയിരുത്തിയിട്ടുണ്ട്. ക്ഷീരഗ്രാമം പദ്ധതി വഴി 2018-19 വർഷം പനത്തടി ഗ്രാമപഞ്ചായത്തിൽ 15 കർഷകർക്ക് ഒരു പശു യൂണിറ്റും 15 കർഷകർക്ക് 2 പശു യൂണിറ്റും നാല് കർഷകർക്ക് വീതം 5 പശു യൂണിറ്റും, 10 പശു യൂണിറ്റും ഓരോ കർഷകനും 5 ഹീഫർ യൂണിറ്റും 10 ഹീഫർ യൂണിറ്റും നൽകി കൂടാതെ 2 കർഷകർക്ക് ക്യാറ്റിൽ ഷെഡും, 4 കർഷകർക്ക് കറവയന്ത്രവും നൽകി.<br><br>2020-21 വർഷം അജാനൂർ ഗ്രാമ പഞ്ചായത്തിൽ 30 കർഷകർക്ക് 2 പശു യൂണിറ്റും 4 കർഷകർക്ക് 5 പശു യൂണിറ്റും, 10 കർഷകർക്ക് കോമ്പോസിറ്റ് (1 പശു + 1 ഹീഫർ) ഡയറി യൂണിറ്റും 5 കർഷകർക്ക് കറവയന്ത്രവും 2 കർഷകർക്ക് ക്യാറ്റിൽ ഷെഡ് നിർമ്മാണത്തിന് ധനസഹായവും നൽകി.<br><br>2022-2023 വർഷം ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ 13 കർഷകർക്ക് 2 പശു യൂണിറ്റും 3 കർഷകർക്ക് 5 പശു യൂണിറ്റും 55 കർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായം 3 കർഷകർക്ക് കറവ യന്ത്രവും നൽകി.<br><br>ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയതിനാൽ ഈ പഞ്ചായത്തുകളിലെ കർഷകർ ഇതേ മേഖലയിൽ തുടർന്നു പോകുന്നതിന് വളരെ സഹായകരമായിട്ടുണ്ട്. കൂടാതെ പുതിയ കർഷകരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്. വകുപ്പിന്റെ പദ്ധതി പ്രകാരം ജില്ലയ്ക്ക് ലഭിക്കുന്നതിനേക്കാളും കൂടുതൽ ധനസഹായം ക്ഷീരഗ്രാമം വഴി ഒരു പഞ്ചയത്തിലെ കർഷകർക്ക് ലഭിക്കുന്നത് ഈ മേഖലയിലെ കർഷകർക്ക് വളരെയേറെ പ്രയോജനകരമായിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ